**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5875** **25-03-2025 - ൽ മറുപടിയ്ക്ക്**

**ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2011-2016 സർക്കാരിന്റെ കാലത്ത് പ്രവൃത്തി നിലച്ചുപോയ ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി 2016-ലെ സർക്കാർ വന്നതിന് ശേഷം തടസ്സങ്ങൾ നീക്കി മുന്നോട്ടു കൊണ്ടു പോയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ആയതിന്റെ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കാമോ; | (എ) | 2016-ൽ അധികാരത്തിൽ വന്ന സർക്കാരിന്റെ നിശ്ചയ ദാർഢ്യത്തോടെയുള്ള പ്രവർത്തനത്തിന്റെ ഫലമായി സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ്ലൈൻ (KKBMPL) നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗെയിൽ (ഇന്ത്യ) യ്ക്ക് പൈപ്പ്ലൈൻ വിന്യസിക്കാനായി അനുമതി ലഭിച്ച മൊത്തം 566.3 കിലോമീറ്ററിലും 2020-2021 കാലയളവിൽ പൈപ്പ്ലൈൻ വിന്യസിച്ച് പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്. |
| (ബി) | ഗെയിൽ പൈപ്പ് ലൈൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഉണ്ടാകാൻ പോകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ? | (ബി) | 1) BPCL, FACT മുതലായ പ്രമുഖ വ്യവസായശാലകളുടെ പ്രവർത്തനം പ്രകൃതി വാതകത്തിലേക്ക് പരിവർത്തനം ചെയ്യുവാൻ സാധിച്ചു. ഇതിലൂടെ അന്തരീക്ഷ മലിനീകരണം വലിയൊരളവിൽ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>2) ഗാർഹിക ആവശ്യങ്ങൾക്കുവേണ്ടി City Gas Distribution പദ്ധതി നടപ്പിലാക്കി.<br><br>3) വാഹനങ്ങൾക്ക് വേണ്ട സി. എൻ. ജി. പദ്ധതിയും പ്രാവർത്തികമാക്കുവാൻ ഇതുമൂലം സാധിച്ചു.<br><br>4) VAT/GST ഇനത്തിൽ സംസ്ഥാനത്തിന് വരുമാന വർദ്ധന ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ